# <u>കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം</u>

**G3-18975/2012** **തീയതി:17/08/2020**

## സർക്കുലർ നമ്പർ: 21/2020-21

വിഷയം: **കേരള ചുമട്ടുതൊഴിലാളി (പെൻഷൻ & റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ്സ്) ക്രമീകരണം, 1997 - പെൻഷൻ പദ്ധതി ആനുകൂല്യങ്ങളിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ച്**

സൂചന:
1) 03/01/2018-ലെ തൊഴിലും നൈപുണ്യവും (H) വകുപ്പിന്റെ H3/ 69/2017 നമ്പർ കത്ത്
2) 21/02/18 തീയതിയിലെ 40/2017-18 നമ്പർ ബോർഡ് സർക്കുലർ.
3) 23/03/20 തീയതിയിലെ തൊഴിലും നൈപുണ്യവും(H)വകുപ്പിന്റെ H3/261/2017 നമ്പർ കത്ത്
4) കേരള ചുമട്ടു തൊഴിലാളി (പെൻഷൻ & റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ്സ്) ക്രമീകരണം,1997
5) 28/07/2020 തീയതിയിലെ ബോർഡ് യോഗ തീരുമാനം നമ്പർ(36)

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന(4)-ൽ പറയുന്ന കേരള ചുമട്ടുതൊഴിലാളി (പെൻഷൻ & റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ്സ്) ക്രമീകരണം, 1997 പദ്ധതിയിലെ ആനുകൂല്യം സംബന്ധിച്ച് ചില ഭേദഗതികൾ വരുത്തുന്നതിനായി അനുമതി ആവശ്യപ്പെട്ട് സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു, ആയത് സൂചന(3) പ്രകാരം അംഗീകരിച്ച് സർക്കാരിൽ നിന്നും കത്ത് ലഭിച്ചിട്ടുള്ളതാണ്.ടി ഭേദഗതികൾ സൂചന (5)പ്രകാരം ബോർഡ് അംഗീകരിച്ചിട്ടുള്ളതാണ്. അതിൻ പ്രകാരം വരുത്തിയ ഭേദഗതികൾ താഴെ പറയുന്നു.

1. **കേരള ഹെഡ് ലോഡ് വർക്കേഴ്സ് (പെൻഷൻ & റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ്സ്) റെഗുലേഷൻസ് അദ്ധ്യായം IV ഖണ്ഡിക 5, ഉപഖണ്ഡിക(4) - കൂട്ടിച്ചേർക്കൽ**

    സർക്കാർ, കാലാകാലങ്ങളിൽ മിനിമം പെൻഷൻ വർദ്ധിപ്പിക്കുന്ന-തിനനുസരിച്ച് അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മിനിമം പെൻഷനിലും വർദ്ധനവ് വരുന്നതും ആയതിനു തത്തുല്യമായ തുക മിനിമം പെൻഷനിൽ കൂടുതൽ കൈപ്പറ്റുന്നവർക്കും ലഭിക്കുന്നതുമാണെന്നും ഉപഖണ്ഡിക(4)-ആയി കൂട്ടിച്ചേർത്തിട്ടുണ്ട്.

2. **കേരള ഹെഡ് ലോഡ് വർക്കേഴ്സ് (പെൻഷൻ & റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ്സ്) റെഗുലേഷൻസ് അദ്ധ്യായം VII, ഖണ്ഡിക 8, ഉപഖണ്ഡിക(2)(i)- ഭേദഗതി**

   നിലവിൽ പെൻഷൻ വാങ്ങുന്ന തൊഴിലാളികൾ (ഭാര്യ/ഭർത്താവ്) മരണപ്പെട്ടാൽ ആശ്രിതയ്ക്ക്/ആശ്രിതന് (ഭാര്യ/ഭർത്താവ്) 10 വർഷം വരെ ഫാമിലി പെൻഷൻ എന്നത് ഒഴിവാക്കി ആജീവനാന്തം അല്ലെങ്കിൽ പുനർവിവാഹം വരെ ഫാമിലി പെൻഷൻ എന്ന് മാറ്റിയിട്ടുണ്ട്.

3. **കേരള ഹെഡ് ലോഡ് വർക്കേഴ്സ് (പെൻഷൻ & റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ്സ്) റെഗുലേഷൻസ് അദ്ധ്യായം IV, ഖണ്ഡിക 5, ഉപഖണ്ഡിക 2(a)(3) - ഭേദഗതി**

   നിലവിലുള്ള ഖണ്ഡിക 5 ഉപഖണ്ഡിക 2(a)(3)-ൽ പരമാവധി പെൻഷൻ തുക, ഇൻസെന്റീവ് ഉൾപ്പെടെ 10,000/- രൂപയായി നിജപ്പെടുത്തിയിരുന്നത്, പരമാവധി പെൻഷൻ തുക, ഇൻസെന്റീവ് ഉൾപ്പെടെ 11,000/- രൂപ (പതിനൊന്നായിരം രൂപ മാത്രം) എന്ന് ഭേദഗതി ചെയ്ത് നിജപ്പെടുത്തിയിട്ടുണ്ട്.

4. **കേരള ഹെഡ് ലോഡ് വർക്കേഴ്സ് (പെൻഷൻ & റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ്സ്) റെഗുലേഷൻസ് അദ്ധ്യായം VI, ഖണ്ഡിക 7, ഉപഖണ്ഡിക 1(b) - ഭേദഗതി**

   അദ്ധ്യായം IV, ഖണ്ഡിക 5, ഉപഖണ്ഡിക 2(a)(3) യിലെ ഭേദഗതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യായം VI, ഖണ്ഡിക 7, ഉപഖണ്ഡിക 1(b) യിലും പരമാവധി പെൻഷൻ, ഇൻസെന്റീവ് ഉൾപ്പെടെ 11,000/- രൂപ (പതിനൊന്നായിരം രൂപ മാത്രം) എന്ന് ആയിരിക്കും.

2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പാസ്സാക്കുന്ന അവസരത്തിൽ, ബോർഡ് തീരുമാനം അനുസരിച്ചാണ് ടി വിഷയം സംബന്ധിച്ച് സൂചന(2) പ്രകാരം സർക്കുലർ ഇറക്കിയിട്ടുള്ളത്. സൂചന(3) പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിച്ച സാഹചര്യത്തിൽ ടി ഭേദഗതികൾ **03/01/2018** മുതൽ പൂർണമായി പ്രാബല്യത്തിൽ വരുന്നതാണ്. ആയതിനാൽ, ടി ഭേദഗതികൾക്കനുസരിച്ചായിരിക്കണം തുടർന്ന് ആനുകൂല്യം വിതരണം ചെയ്യേണ്ട .

01/07/2020 തീയതി പ്രാബല്യം മുതൽ പെൻഷൻ കൈപ്പറ്റുന്നവർക്ക് ടി ഭേദഗതികൾ ഉൾക്കൊള്ളിച്ച് ബോർഡിന്റെ പെൻഷൻ സോഫ്റ്റ്വെയർ പ്രോഗ്രാമിൽ മാറ്റം വരുത്തുന്നതായിരിക്കും.

**ഒപ്പ്**
**ചീഫ് എക്സിക്യൂട്ടീവ്**
**(ഇൻചാർജ്)**

സ്വീകർത്താവ്

1. എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും/ചെയർപേഴ്സൺ, കൺവീനർമാർ,സെക്രട്ടറിമാർ, അക്കൗണ്ട്സ് ഓഫീസർമാർ, ജൂനിയർ സൂപ്രണ്ടുമാർ,

2. ഫിനാൻസ് ഓഫീസർ, വെബ് അഡ്മിനിസ്ട്രേറ്റർ

പകർപ്പ്

1. ബോർഡ് ആസ്ഥാന ഓഫീസിലെ എല്ലാ അക്കൗണ്ട്സ് ഓഫീസർമാർക്കും ജൂനിയർ സൂപ്രണ്ടുമാർക്കും

//ഉത്തരവിൻ പ്രകാരം//



ജൂനിയർ സുപ്രണ്ട്